ഹലങ്ങൾ മാത്രം കണ്ടുശീലിച്ച ജനങ്ങൾക്കും അത് തികച്ചും വ്യത്യസ്തമായ ഒരനുഭവമായിരുന്നു. ഏകഭാഷണങ്ങൾ മാത്രമായ രാഷ്ട്രീയ ലക്ഷ്യത്തോടെ നടത്തുന്ന യാത്രകൾ ജനങ്ങൾക്ക് മടുത്തിരിക്കുന്നു. അതുകൊണ്ടുതന്നെ കേൾക്കാൻ ചെന്ന ഞങ്ങളോട് വളരെ സന്തോഷത്തോടെയാണ് മിക്കവരും സംസാരിച്ചത്. സ്ത്രീകളും കുട്ടികളുമാണ് കൂടുതൽ സംസാരിച്ചത്. സ്ത്രീകൾ കൂടുതൽ കരുത്തോടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതായി അനുഭവപ്പെട്ടു. പല കുടുംബശ്രീ മീറ്റിംഗുകളിലും പോയി ഞങ്ങൾ അവരോട് സംസാരിച്ചിരുന്നു. അത്തരം കൂട്ടായ്മകൾ സ്ത്രീകളെ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

പൊതുജനാഭിപ്രായം എന്ന നിലയിൽ മാധ്യമങ്ങളിലൂടെയെല്ലാം നമ്മൾ കേൾക്കുന്നതിനപ്പുറം ചില അഭിപ്രായങ്ങളുണ്ട്. ഈ രീതിയിൽ മാത്രമേ ആ അഭിപ്രായങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയുകയുള്ളൂ. പൊതുജനാഭിപ്രായം എന്ന പേരുപറഞ്ഞ് വ്യവസ്ഥാപിത രാഷ്ട്രീയക്കാർ പലപ്പോഴും പ്രതിനിധീകരിക്കാറുള്ളത് ജനാഭിപ്രായമല്ല. എല്ലാവരും പറഞ്ഞ കാര്യങ്ങൾ ക്രോഡീകരിച്ച് കേരളത്തിലെ മലയോരജനതയുടെ യഥാർത്ഥ അഭിപ്രായം ഞങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ വയ്ക്കും. പരിമിതികളുണ്ടെങ്കിൽ പോലും പരമാവധി ആളുകളിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. മലയോര ജനതയുടെ ഈ അഭിപ്രായങ്ങളും ഞങ്ങൾ കണ്ടറിഞ്ഞ അവരുടെ ജീവിതാവസ്ഥകളും പരിസ്ഥിതിയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുമെല്ലാം പരിഗണിച്ച് പശ്ചിമഘട്ട സംരക്ഷണത്തിനായി എങ്ങനെ മുന്നോട്ട് പോകമെന്നാണ് യാത്രയുടെ തുടർച്ചയായി ആലോചിക്കേണ്ടത്. ■

# കുന്നുകളെല്ലാം ടിപ്പറിൽ കയറിപ്പോവുകയാണ്

**സൂര്യ**

**(സ്കൂളിൽ പോകാതെ പഠനം നടത്തുന്നു, യാത്രിക)**

**പഠനത്തിന്റെ** ഭാഗമായാണ് ഞാൻ യാത്രയിൽ പങ്കെടുക്കുന്നത്. സ്കൂളിൽ പോകാതെ ബദൽ വിദ്യാഭ്യാസ രീതിയിൽ പഠനം തുടരുന്നയാളാണ് ഞാൻ. അത്തരത്തിലുള്ള എന്റെ പഠനരീതിക്ക് വളരെ ഉപകാരപ്പെടുന്ന ഒന്നാണ് പശ്ചിമഘട്ട സംവാദയാത്ര. കാഴ്ചകൾ കണ്ട് പഠിക്കാം എന്നതായിരുന്നു യാത്രയിലെത്തുമ്പോഴുള്ള എന്റെ ഉദ്ദേശം. എന്നാൽ യാത്ര തുടങ്ങിയതോടെ വെറും കാഴ്ചക്കാരി മാത്രമാകാതെ സംവാദത്തിലും ഞാൻ പങ്കാളിയായി. വെള്ളം കിട്ടാതെയാകുന്നു എന്ന പരാതിയാണ് ആളുകൾ കൂടുതലായും പറയുന്നുണ്ടായിരുന്നത്. വെള്ളം കുറയുന്നതിന്റെ കാരണം അവർക്ക് മുന്നിൽത്തന്നെ വ്യക്തമാണ്. ചെങ്കൽക്കുന്നുകളും പാറകളുമെല്ലാം വ്യാപകമായി ഇടിച്ചുനിരത്തിയാൽ വെള്ളം കിട്ടാതാകുമെന്ന് പലരും മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ഒരു കഷ്ണം ചെങ്കൽപാറ രണ്ട് ലിറ്റർ വരെ വെള്ളം സംരക്ഷിക്കുമെന്ന് ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ ഒരു ചെങ്കൽക്കുന്നിൽ എത്രമാത്രം വെള്ളമുണ്ടാകും. പക്ഷെ കുന്നുകളെല്ലാം ടിപ്പർ ലോറിയിൽ കയറി പോകുന്ന കാഴ്ചയാണ് ഞങ്ങൾ കൂടുതലും കണ്ടത്. പുഴകളിലും വെള്ളം കുറവാണ്. കാട്ടിൽ നിന്നുള്ള നീരൊഴുക്ക് കുറഞ്ഞതും ചെക്ക് ഡാമുകൾ വ്യാപകമായതും പുഴയുടെ താഴെ തടങ്ങളിൽ വെള്ളം കുറയാൻ കാരണമാക്കിയെന്ന് നാട്ടുകാർ പറഞ്ഞു. ബഹുഭൂരിപക്ഷം ചെറുതോടുകളും നികന്നുകഴിഞ്ഞു. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പാറമണലുണ്ടാക്കുന്ന ഒരു വലിയ ക്വാറിക്കരികിലൂടെ ഞങ്ങൾ പോയിരുന്നു. പാറമണൽ ശുദ്ധീകരിച്ച ശേഷമുള്ള പാറപ്പൊടി കലർന്ന വെള്ളം സമീപത്തുള്ള ഒരു തോട്ടിലേക്ക് ഒഴുക്കിവിടുകയാണ് അവർ ചെയ്യുന്നത്. 30 മീറ്റർ വീതിയുണ്ടായിരുന്ന ആ തോടിന് ഇപ്പോൾ അഞ്ച് മീറ്റർ മാത്രമാണ് വീതിയെന്ന് നാട്ടുകാർ പറയുന്നു. ക്വാറിക്കെതിരെ സമരം നടക്കുന്ന സ്ഥലമാണത്.

ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളെക്കുറിച്ച് ജനങ്ങൾക്ക് ആശങ്കയുള്ള സ്ഥല

⇨ വേറെ തൊഴിലുതന്നാൽ ഇതിൽ നിന്ന് പിന്മാറാം എന്ന് പറഞ്ഞവരുണ്ട് ⇨



പശ്ചിമഘട്ട യാത്രാസംഘം പാലക്കാട് ജില്ലയിൽ എത്തിയപ്പോൾ

ങ്ങളിലൂടെയും ഞങ്ങൾ കടന്നുപോയിരുന്നു. ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് സംസാരിച്ചുകൊണ്ട് ഇങ്ങോട്ട് വന്നാൽ കയ്യുംകാലും തല്ലിയൊടിക്കും എന്നുപറഞ്ഞ വീട്ടുകാരുണ്ട്. ഇവിടെല്ലാം കാടായി മാറിയിട്ട് ഞങ്ങളുടെ പറമ്പിലേക്ക് ആനയും പുലിയുമെല്ലാം ഇറങ്ങിവന്നാൽ നിങ്ങൾ എസ്കോർട്ട് തരുമോ എന്നും ചോദിച്ചവരുണ്ട്. എല്ലാം ഞങ്ങൾ സൗമ്യമായി കേൾക്കുകയും ഞങ്ങൾക്കറിയുന്ന കാര്യങ്ങൾ വിശദീകരിച്ചുകൊടുക്കുകയും ചെയ്തു. ഉയർന്ന സാമ്പത്തികശേഷിയുള്ള കർഷകർക്കായിരുന്നു കൂടുതൽ ആശങ്ക എന്നതാണ് എന്നെ ഞെട്ടിച്ച വസ്തുത. പാവപ്പെട്ട കർഷകർക്ക് സംസാരിക്കാൻ ഇതല്ലാതെതന്നെ ഒട്ടേറെ പ്രശ്നങ്ങളുണ്ടായിരുന്നു. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കിയാൽ വീടിന് പച്ചപെയിന്റടിക്കേണ്ടിവരും എന്നെല്ലാമുള്ള തീർത്തും വസ്തുതാവിരുദ്ധമായ സംശയങ്ങൾ തിരുത്താൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്.

സ്കൂളിൽ പോകുന്ന കുട്ടികൾ മാപ്പിലൂടെ പഠിക്കുന്ന കേരളത്തിന്റെ ഭൂമിശാസ്ത്രം നേരിൽ കണ്ടറിഞ്ഞുപഠിക്കാൻ കഴിഞ്ഞു എന്നതാണ് ഏറെ സന്തോഷമുള്ള കാര്യം. ഒമ്പതാം ക്ലാസ് വരെ സ്കൂളിൽ പോയിട്ടുള്ള കുട്ടിയാണ് ഞാൻ. ജ്യോഗ്രഫി പുസ്തകം കാണുന്നതുതന്നെ അന്ന് ദേഷ്യമായിരുന്നു. അന്ന് ഭൂമിശാസ്ത്രം പഠിക്കുമ്പോൾ വയനാട് ജില്ല കഴിഞ്ഞാൽ കോഴിക്കോടാണെന്ന് മനഃപാഠം പഠിക്കണമായിരുന്നു. ഇന്ന് വയനാട് ജില്ലയിൽ കോഴിക്കോട് ജില്ലയിലേക്ക് നടന്നിറങ്ങുമ്പോൾ ഭൂമിശാസ്ത്രം വളരെ വേഗത്തിൽ മനസ്സിലാകുന്നുണ്ട്. ഔപചാരിക വിദ്യാഭ്യാസത്തിന്റെ അത്തരം പൊള്ളത്തരങ്ങൾ തിരിച്ചറിയുന്നതിനുള്ള അവസരം കൂടിയായി എനിക്ക് യാത്ര അനുഭവപ്പെട്ടു.

ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളെക്കുറിച്ച് അഭ്യൂഹങ്ങൾ പരന്നതുകാരണം ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. ഭൂമിയുടെ വില പലസ്ഥലങ്ങളിലും കുറഞ്ഞു. കല്യാണം നടക്കാതെ പോയതിനാൽ ഒരു പെൺകുട്ടി ആത്മഹത്യ ചെയ്ത സംഭവം പോലും ഉണ്ടായതായി ഒരാൾ പറഞ്ഞു. അത് എന്നെ വല്ലാതെ വിഷമിപ്പിച്ചു. പാറമടകളിൽ ജോലിക്ക് പോകുന്നവരുടെ അവസ്ഥയാണ് അതിലേറെ വിഷമകരം. പാറമടകൾക്ക് എതിരായിട്ടും വേറെ ജോലിയൊന്നും കിട്ടാത്തതിനാൽ അവിടെ ജോലിക്ക് പോകുന്നവരും അക്കൂട്ടത്തിലുണ്ട്. വേറെ തൊഴിലുതന്നാൽ ഇതിൽ നിന്ന് പിന്മാറാം എന്ന് പറഞ്ഞവരുണ്ട്.

എല്ലാ വിവരങ്ങളും ഞങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നുണ്ട്. കൃഷിയുടെ സ്ഥിതി, നഷ്ടമാകുന്ന വിത്തിനങ്ങൾ, ചെടികൾ, പക്ഷികൾ, ജന്തുക്കൾ, ചാരികൾ, പുഴകളുടെ സ്ഥിതി എല്ലാം എഴുതി സൂക്ഷിക്കുന്നുണ്ട്. അതെല്ലാം പരിഗണിച്ചുകൊണ്ടുവേണം തുടർ പ്രവർത്തനങ്ങൾ മുന്നോട്ട് പോകാൻ. ■